## 73

ദേവനെ പുകഴ്ത്തി സ്തുതിച്ചിടുവിൻ
അവൻ നല്ലവനാകയാൽ - ദേവനെ
തന്നുടെ കാരുണ്യം എന്നേക്കുമുള്ളത് എന്നേക്കുമുള്ളതെന്ന്

1 എന്റെ വിഷമതകൾ തന്നെയറിയിച്ചു ഞാൻ
എന്റെ സമീപമവനെത്തി ഉതവി നൽകാൻ
എല്ലാമായെന്നും എനിക്കുവനതാൽ തെല്ലും ഭയം വേനി-

2 മർത്യനിലാശ്രയിക്കാതതൽ വരുന്നേരത്തിൽ
കർത്താവിലാശ്രയിപ്പതെത്രയോ നല്ലതോർത്താൽ
ശത്രുക്കൾ മുമ്പിൽ തൻശക്തിയിൽ ഞാൻ
ജയകീർത്തനങ്ങൾ പാടിടും-

3 ഉല്ലാസ ജയഘോഷമുറ്റു കൂടാരങ്ങളിൽ
ഉത്തമഭക്തരുടെ ശുദ്ധഹൃദയങ്ങളിൽ
എത്ര വിഷമതകൾ വന്നാലും പാടുമെന്നാളും സ്തുതിഗീതങ്ങൾ

4 നിത്യതാതന്നു സ്തുതി സത്യാത്മാവിന്നു സ്തുതി
മർത്യർക്കു രക്ഷ തന്ന ക്രിസ്തുനാഥന്നു സ്തുതി
നിത്യതയിൽ നമ്മളെത്തുമന്നാളും തുടരും പരമസ്തുതി- **M.E.C.**